മി. സ്പീക്കർ : 'എ' യ്ക്ക് മാത്രം ഉത്തരം പറഞ്ഞാൽ മതി.

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 485.

തിരുവനന്തപുരം	185.
കോഴിക്കോട്	180.
കോട്ടയം	60.
ആലപ്പുഴ (പ്രൈവറ്റ്)	60.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ആലപ്പുഴ മെഡിക്കൽ കോളേജിൽ മാർക്കിന്റെ കുറവു കാരണം കുറെ വിദ്യാർത്ഥികളെ പരീക്ഷയ്ക്ക് ചേർക്കാതെ വെളിയിൽ നിറുത്തിയിരിക്കുകയാണ്. റൂം (61) അനുസരിച്ച് ശ്രീ. അച്യുതമേനോൻ ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾക്ക് മുഖ്യമന്ത്രി മറുപടി പറഞ്ഞു. അക്കൂട്ടത്തിൽ മണിപ്പാൽ കോളേജിലൊക്കെ 45 ശതമാനം മാർക്കുള്ള വിദ്യാർത്ഥികളെ ക്ലാസ്സിൽ ചേർക്കുമെന്നു പറഞ്ഞു. ഒരു വിദ്യാർത്ഥിയിൽ നിന്ന് പല ഇനങ്ങളിലായി അയ്യായിരം മുതൽ പതിനായിരം രൂപ വരെ കോളേജധികൃതർ വാങ്ങുന്നുണ്ട്. ആ നിലയ്ക്ക് യൂണിവേഴ്സിറ്റിയുമായി ആലോചിച്ച് ഈ വിദ്യാർത്ഥികൾക്കുകൂടി പ്രവേശനം കൊടുക്കുന്നതിനും വേണ്ട നടപടികളും യൂണിവേഴ്സിറ്റിയെക്കൊണ്ട് എടുപ്പിക്കുന്നതിനും ഗവണ്മെന്റ് ശ്രമിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ കാര്യം മുൻപു ഇവിടെ പറഞ്ഞിട്ടുള്ളതാണ്. ഇതിനെ സംബന്ധിച്ച് ഒരു തീരുമാനം ചെയ്യേണ്ടത് യൂണിവേഴ്സിറ്റിയാണ്. നമ്മുടെ അഭിപ്രായഗതി യൂണിവേഴ്സിറ്റിയെ അറിയിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി വേണ്ട നടപടിയെടുക്കുമെന്നാണ് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നത്.

കേരള നദീജലക്കാര്യം

* 691. [17] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള നദീജലക്കാര്യം സംബന്ധിച്ച് മദിരാശി ഗവണ്മെന്റുമായി ചർച്ച നടത്തി തീരുമാനത്തിലെത്തിയോ ;

(ബി) ഇതു സംബന്ധിച്ചു കേരളം സന്ദർശിച്ച മദിരാശിയിലെ എഞ്ചിനീയർമാർ മദിരാശി ഗവണ്മെന്റിനു സമർപ്പിച്ച റിപ്പോർട്ട് ഇവിടെ കിട്ടിയിട്ടുണ്ടോ ;

(സി) എങ്കിൽ അതു മേശപ്പുറത്തു വയ്ക്കുമോ ;

(ഡി) അതിലെ പ്രധാന ഉള്ളടക്കങ്ങൾ വെളിപ്പെടുത്താമോ ;

(ഈ) ഇതുസംബന്ധിച്ച് ഈ സ്റ്റേറ്റിലെ എഞ്ചിനീയർമാരുടെ റിപ്പോർട്ട് വാങ്ങിയിട്ടുണ്ടോ; എങ്കിൽ അതിലെ ഉള്ളടക്കം എന്തൊക്കെയാണ്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ചർച്ച നടത്തി. പക്ഷേ തീരുമാനമൊന്നുമായിട്ടില്ല.

(ബി) അതിനെ സംബന്ധിച്ച് മദിരാശി ഗവണ്മെന്റ് ചില റിപ്പോർട്ടുകൾ അയച്ചുതന്നിട്ടുണ്ട്.

(സി, ഡി) മദിരാശി ഗവണ്മെന്റ് അയച്ചുതന്ന റിപ്പോർട്ടുകൾ സംസ്ഥാനത്തിലെ എൻജിനീയർമാർ പരിശോധിച്ചുവരുന്നതേയുള്ളൂ. റിപ്പോർട്ടുകൾ ഈ സന്ദർഭത്തിൽ വെളിപ്പെടുത്തുന്നതു ശരിയായിരിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. നാരായണൻ : പറമ്പിക്കുളം നദീജലം പങ്കുവയ്ക്കുന്ന കാര്യത്തിൽ വല്ല തീരുമാനവുമുണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ അതെന്താണെന്നു വ്യക്തമാക്കാമോ ?

ശ്രീ. ആർ. ശങ്കർ : തത്വത്തിൽ അംഗീകരിച്ച് ഡ്രാഫ്റ്റുചെയ്ത എഗ്രിമെന്റ് ആലോചനയിലിരിക്കുകയാണ്.

ശ്രീ. ഈ. പി. ഗോപാലൻ : പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്തുകൂടി ഒഴുകുന്ന ഭോനി, ഷെറുവാണി ഈ നദികളെ സംബന്ധിച്ചിടത്തോളം കേരളത്തിലെ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഇൻവെസ്റ്റിഗേഷൻ നടത്തുന്നുണ്ടെന്നു അറിയുന്നു. രണ്ടു നദികളിലേയും വെള്ളം മദിരാശിക്കു വിട്ടുകൊടുക്കാനുള്ള ഒരു കരാർ ഗവണ്മെന്റ് ഉണ്ടാക്കിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തുള്ള വെള്ളം പാലക്കാട് ജില്ലയിലെ അട്ടപ്പാടിക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതിനു ആ കരാറൊന്നു പുനഃപരിശോധിക്കുന്നതിനു മദിരാശി ഗവണ്മെന്റുമായി ആലോചന നടത്തുമോ ?

ശ്രീ. ആർ. ശങ്കർ : കോയമ്പത്തൂർ ടൗണിലെ വാട്ടർ സപ്ലൈ സംബന്ധിച്ച് കേരളം മദിരാശി ഗവണ്മെന്റുമായി എഴുത്തുകുത്തുകളും നടത്തുകയുണ്ടായി. കോയമ്പത്തൂരിലെ ജനങ്ങൾക്കു വെള്ളം കൂടിക്കുന്നതിനു പ്രയാറിട്ടി കൊട്ടക്കണമെന്നുള്ള തത്വം ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ട ആവശ്യം ആ നദി ഒഴുകിപ്പോകുന്ന സ്ഥലത്തുള്ള ഇറിഗേഷൻ സൗകര്യമാണെന്നു ഈ ഗവണ്മെന്റിനു അഭിപ്രായമുണ്ട്. ആ കാര്യത്തെപ്പറ്റി കൂടുതൽ ആലോചനകളും ഇനി നടത്തേണ്ടതായിട്ടാണിരിക്കുന്നതു്.

സംശയാസ്പദമായ മരണങ്ങളും.

* 692. [18] ശ്രീ. എസ്സ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) 1963 ജനുവരി മുതൽ ഡിസംബർവരെ സംസ്ഥാനത്തു് എത്ര സംശയാസ്പദമായ മരണങ്ങളും ഉണ്ടായതായി കണക്കാക്കപ്പെടുന്നു ;

(ബി) ഈ കാലയളവിനു മറവുചെയ്ത എത്ര ശവശരീരങ്ങളും വീണ്ടും എടുത്തു പരിശോധിക്കുകയുണ്ടായി ;

(സി) ഈ പരിശോധനകളിൽ ആദ്യത്തെ പരിശോധനകളിൽനിന്നും വ്യത്യസ്തമായ ഫലങ്ങളും ലഭിച്ചതെത്ര ;

(ഡി) അഴിയൂരു് മാഹി പുഴയിൽനിന്നു ലഭിച്ച ഒരു നാരായണിയുടെ ശവശരീരം മറവുചെയ്തതു വീണ്ടും കുഴിച്ചെടുത്തു പരിശോധിക്കുകയുണ്ടായോ ;

(ഈ) പ്രസ്തുത നാരായണിയുടെ മരണത്തിൽ സംശയം ഉണ്ടെന്നും അതേപ്പറ്റി കാര്യമായി അന്വേഷിക്കണമെന്നും കാണിച്ചു് ആ സ്ത്രീയുടെ സ്വന്തക്കാരിൽനിന്നും അപേക്ഷകളും ലഭിക്കുകയുണ്ടായോ ;

(എഫ്) അതിന്മേൽ എന്തു നടപടി കൈക്കൊണ്ടു ;

(ജി) വീണ്ടും പോസ്റ്റുമാർട്ടം ചെയ്യാൻ ഉത്തരവിട്ടതാരാണു് ;

(എച്ച്) അതിന്റെ അന്വേഷണഫലമെന്താണു് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഇരുപതു്. (20)

(ബി) ആറു്. (6)

(സി) മൂന്നു്. (3)

(ഡി, ഈ, എഫ്, ജി, എച്ച്) സംഭവം നടന്നതു് പോണ്ടിച്ചേരി സ്റ്റേറ്റിൽപ്പെട്ട മാഹി പോലീസ് സ്റ്റേഷൻ അതിർത്തിയിലായതുകൊണ്ടു് ഈ സ്ഥലത്തിലെ പോലീസിനു് സംഭവത്തെക്കുറിച്ചു് അന്വേഷിക്കേണ്ടതില്ല.

LIBRARY ARCHIVES Kerala Legislative Assembly